## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4996** **20-03-2025 - ൽ മറുപടിയ്ക്ക്**

## എച്ച്.എസ്.എ.-എച്ച്.എസ്.എസ്.റ്റി. തസ്തികമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.റ്റി. (സുവോളജി & ബോട്ടണി) -യിലേക്കുള്ള തസ്തികമാറ്റ നിയമനം അവസാനം നടന്നത് എന്നാണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ 5 വർഷം ഇപ്രകാരം നടന്ന നിയമനങ്ങളുടെ എണ്ണം എത്രയാണെന്ന് തസ്തിക/വിഷയം തിരിച്ച് ലഭ്യമാക്കാമോ; | (എ) | എച്ച്.എസ്.എ (നാച്ചുറൽ സയൻസ്) തസ്തികയിൽ നിന്നും 01/01/2016 മുതൽ 28/12/2020 വരെയുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർ ബോട്ടണി, എച്ച്.എസ്.എസ്.ടി. ജൂനിയർ സുവോളജി ഒഴിവുകളിലേക്ക് 11/08/2022 തീയതിയിൽ തസ്തികമാറ്റനിയമനം നൽകിയിട്ടുണ്ട്. ആയതിൽ എച്ച്.എസ്.എ. വിഭാഗത്തിൽ നിന്നുള്ള എൻ.ജെ.ഡി ഒഴിവിലേയ്ക്ക് 22/02/2023, 01/07/2023 തീയതികളിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>ഇപ്രകാരം കഴിഞ്ഞ അഞ്ച് വർഷം എച്ച്.എസ്.എസ്.ടി. ജൂനിയർ ബോട്ടണി തസ്തികയിൽ 51 നിയമനങ്ങളും, എച്ച്.എസ്.എസ്.ടി. ജൂനിയർ സുവോളജി തസ്തികയിൽ 55 നിയമ നങ്ങളും നടന്നിട്ടുണ്ട്.<br><br>യോഗ്യരായ എച്ച്.എസ്.എസ്.ടി. ജൂനിയർ അധ്യാപകരുടെ അഭാവത്തിലാണ് എച്ച്.എസ് .എസ്.ടി.(സീനിയർ) ഒഴിവുകൾ 1: 3 അനുപാതത്തിൽ നേരിട്ടുള്ള നിയമനത്തിനും ബൈട്രാൻസ്ഫർ നിയമനത്തിനുമായി നിജപ്പെടുത്തിയിരിക്കുന്നത്. അപ്രകാരം യോഗ്യരായ എച്ച്.എസ്.എസ്.ടി. ജൂനിയർ അധ്യാപകരുടെ അഭാവത്തിൽ എച്ച്.എസ്.എസ്.ടി. ബോട്ടണി തസ്തികയിലേയ്ക്ക് 2011 വർഷത്തിലും എച്ച്.എസ്.എസ്.ടി. സുവോളജി തസ്തികയിലേയ്ക്ക് 2003 വർഷത്തിലും ആണ് എച്ച്.എസ്.എ. വിഭാഗത്തിൽ നിന്നും തസ്തികമാറ്റ നിയമനം അവസാനമായി നടന്നത്. |
| (ബി) | ചട്ടപ്രകാരം ഒഴിവുകൾ ഉണ്ടായിട്ടും ഓരോ അധ്യയനവർഷവും പ്രസ്തുത തസ്തികമാറ്റം കൃത്യമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 01.01.2016 മുതലുള്ള എച്ച്.എസ്.എസ്.ടി. ജൂനി യർതസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനങ്ങളും കേരള പി.എസ്.സി മുഖേന നികത്തുന്നതിനു 01/12/2015-ൽ |

| | | | |
|---|---|---|---|
| | | | ഉത്തരവായിരുന്നു. എന്നാൽ ടി നിയമനവുമായി ബന്ധപ്പെട്ട് ചട്ടം ഭേദഗതി വരുത്തുവാൻ കാലതാമസം നേരിട്ടുന്നതിനാൽ 01/01/2016 മുതൽ 28/12/2020 വരെയുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെ തസ്തികമാറ്റ ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് നികത്തുന്നതിനു 30/01/2021-ലെ സ.ഉ(അച്ചടി) നം.2/2021/ പൊ.വി.വ. പ്രകാരം ഉത്തരവാകുകയും അത് പ്രകാരം 01/01/2016 മുതൽ 28/12/2020 വരെയുള്ള എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലെ തസ്തികമാറ്റ ഒഴിവുകൾ 11/08/2022 തീയതിയിൽ നികത്തി ഉത്തരവായിരുന്നു.<br><br>29/12/2020 മുതലുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്കുള്ള തസ്തികമാറ്റ ഒഴിവുകൾ പി.എസ്.സി മുഖേന നികത്തുന്നതിനു 01/07/2023-ലെ GOP) NO.8/2023/GEDN പ്രകാരം ചട്ടം ഭേഗതി ചെയ്തിരുന്നു. എന്നാൽ ടി ചട്ട ഭേദഗതി പ്രകാരം നിയമനങ്ങൾ നടത്തുന്നതിന് തടസ്സമുണ്ട് എന്ന് പി.എസ്.സി അറിയിച്ചതിൻ പ്രകാരവും, ടി വിഷയത്തിന്മേൽ ലഭ്യമായ നിവേദനങ്ങൾ പ്രകാരവും, എച്ച്.എ സ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്കുള്ള 29/12/2020 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സീനിയോരിറ്റി അടിസ്ഥാനമാക്കി നികത്തുന്നതിനു 10/03/2025 തീയതിയിലെ GO (P) No.10/2025/G.EDN പ്രകാരം ഉത്തരവായിട്ടുണ്ട്. അത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നടപ്പ് അധ്യയനവർഷം പൂർത്തിയാകുന്നതിനു മുൻപ് പ്രസ്തുത തസ്തിക മാറ്റ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | എച്ച്.എസ്.എസ്.റ്റി., എച്ച്.എസ്.എസ്.റ്റി.(ജൂനിയർ) തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം നടത്തുന്നതിന് യോഗ്യരായ എച്ച്.എസ്.എ., യു.പി.എസ്.എ. /എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ച് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തി സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്. നടപ്പ് അധ്യയന വർഷം (2024-2025) അവസാനിക്കാറായ സാഹചര്യത്തിൽ ഈ അധ്യയന വർഷം പ്രസ്തുത തസ്തികമാറ്റ നടപടികൾ പൂർത്തിയാക്കുന്നതിന് സമയപരിമിതിയുണ്ടെങ്കിലും ആയത് അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ